/38008/2023

## മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം:- തദ്ദേശസ്വയംഭരണ പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം – തിരുവനന്തപുരം– സാങ്കേതികവിഭാഗം – തൃശ്ശൂർ ജില്ല – രുവായൂർ നഗരസഭ- ഗുരുവായൂർ ദേവസ്വം- ഗോശാല നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു

പരാമർശം:- 1. ഗുരുവായൂർ നഗരസഭ സെക്രട്ടറിയുടെ 13/04/2023 ലെ E2- BA-40/20-21 നമ്പർ കത്ത്.

2. തൃശ്ശൂർ ജില്ലാടൗൺ പ്ലാനറുടെ 25/04/2023 തീയതിയിലെ CPTSR/426/2023-C2 നമ്പർ കത്ത്.

3. തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പിന്റെ 13/07/2023 തീയതിയിലെ GO(Rt)No.1430/2023/LSGD നമ്പർ ഉത്തരവ്

=================================================================

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. LSGD/PD/14764/2023-TCPA1 തിയതി:21-07-2023

=================================================================

ഗുരുവായൂർ നഗരസഭയിൽ ഗുരുവായൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 96,97,98,99,107,110,111,112 എന്നിവയിലുൾപ്പെടുന്ന 714.0156ആർ സ്ഥലത്ത് അമ്പലവും അനുബന്ധ കെട്ടിടങ്ങളും നിലനിൽക്കുന്ന സ്ഥലത്ത് നിലവിലെ ഗോശാല കെട്ടിടം പൊളിച്ചുമാറ്റി ആകെ 996.07$m^2$ ബിൽറ്റ്-അപ്പ് വിസ്തീർണ്ണമുള്ള ഒരു Ground Floor + 2 Floor + Staircase ഗോശാലക്കെട്ടിടം പുനർനിർമ്മിക്കുന്നതിനുള്ള കൺ കറൻ സ് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശം (1), (2) കത്തുകൾ മുഖേന ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അപേക്ഷ ലഭ്യമാക്കിയിരുന്നു.

ടി അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും സൂചന (3) ഉത്തരവ് പ്രകാരം ക്ഷേത്ര കോമ്പൗണ്ടിനുള്ളിൽ ആവശ്യമായ പാർക്കിംഗ് സൗകര്യം നൽകുന്ന കാര്യത്തിൽ KPBR, 2011 ചട്ടം 3(4) അനുസരിച്ച് സർക്കാരിൽ നിന്നും ഇളവ് ലഭ്യമായത് പരിഗണിച്ചും കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി പ്രസ്തുത നിർമ്മാണത്തിന് അംഗീകൃത ഗുരുവായൂർ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള ചീഫ് ടൗൺപ്ലാനറുടെ കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

/38008/2023

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഒ.സി ലഭ്യമാക്കിയിട്ടു ണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ ഒക്യുപൻസി നൽകാൻ പാടുള്ളൂ.(കെ.എം.ബി.ആർ 2019 ചട്ടം 5(4) കാണുക).
2. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 -ലെ ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം. അപേക്ഷകന്റെ വക തുടർച്ചയായി വരുന്ന മുഴുവൻ സ്ഥലവും സൈറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകളും വിശദാംശങ്ങളും ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 5(6) (സി) യിലെ ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് കൺകറൻസ് അംഗീകാരം നൽകുന്നത് എന്നതിനാൽ പ്രസ്തുത നിർമ്മാണം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 -ലെ മറ്റു ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമാണെന്ന് മുനിസിപ്പൽ സെക്രട്ടറി ഉറപ്പു വരുത്തിയിരിക്കണം.
4. കെഎം.ബി.ആർ 2019 ചട്ടം 29 പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ അമ്പല കോംമ്പൗണ്ടിൽ ഏർപ്പെടുത്തണമെന്ന കാര്യത്തിൽ കെഎം.ബി.ആർ 2019 ചട്ടം 3(4) പ്രകാരം ഇളവ് സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ളതിനാൽ ക്ഷേത്ര കോമ്പൗണ്ടിൽ നൽകിയിട്ടുള്ള പ്രായോഗികമല്ലാത്ത പാർക്കിംഗുകൾ ഒഴിവാക്കേണ്ടതാണ്.
5. ജോലിക്കാരുടെ എണ്ണം, പവർ യൂണിറ്റ് എന്നിവ മാസ്റ്റർ പ്ലാൻ സോണിങ് റെഗുലേഷനിലെ നിബന്ധനകൾക്ക് വിധേയമായിരിക്കണം.
6. ടി കെട്ടിടത്തിനുള്ള ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് മുമ്പായി ജില്ലാ ടൗൺ പ്ലാനറിൽ നിന്നുള്ള ലേ ഔട്ട് അംഗീകാരം ലഭ്യമാക്കേണ്ടതും നിലവിൽ പ്രാബല്യത്തിലുള്ള scrutiny fee ഒടുക്കിയിട്ടുണ്ടെന്നു ജില്ലാ ടൗൺ പ്ലാനർ ഉറപ്പു വരുത്തേണ്ടതുമാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി ഗുരുവായൂർ നഗരസഭയിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം

/38008/2023

ആരംഭിക്കുവാൻ  പാടുള്ളൂ.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Nidheesh K. P.
Date: 21-07-2023 18:44:46

നിധീഷ്.കെ.പി
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, ഗുരുവായൂർ നഗരസഭ, തൃശ്ശൂർ-680101

പകർപ്പ്:-

1. അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം, തൃശ്ശൂർ
2. ടൗൺപ്ലാനർ, തൃശ്ശൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം